LIBRARY ARCHIVES Kerala Legislative Assembly

സൂൾ ഉച്ചഭക്ഷണ പദ്ധതി

273 (1330) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി ഭക്ഷ്യവകുപ്പിൽ നിന്നും അനുവദിച്ചുവരുന്ന ഭക്ഷ്യധാന്യങ്ങളുടെ വിശദാംശം നൽകാമോ?

ഉത്തരം

2014-15 സാമ്പത്തിക വർഷം ഉച്ചഭക്ഷണ പദ്ധതിക്കായി ഭക്ഷ്യ വകുപ്പിൽ നിന്ന് 58229.6784 മെ.ടൺ അരിയാണ് അനുവദിച്ചിട്ടുള്ളത്.

ക്വാർട്ടർ 1	6982 മെ. ടൺ
ക്വാർട്ടർ 2	19509.5 മെ. ടൺ
ക്വാർട്ടർ 3	15869.0892 മെ. ടൺ
ക്വാർട്ടർ 4	15869.0892 മെ. ടൺ
ആകെ	58229.6786 മെ. ടൺ

സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം

274 (1331) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. കെ സദാശിവൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ തടസ്സപ്പെടാനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ഈ സീസണിൽ സപ്ലൈകോ ഇതുവരെ സംഭരിച്ച നെല്ലിന്റെ അളവെത്രയെന്ന് അറിയിക്കാമോ;.

(സി) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി നെല്ല് സംഭരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(ഡി) നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്ന് വിശദമാക്കാമോ; എന്നു മുതൽക്കുള്ള സംഭരണ വിലയാണ് കുടിശ്ശികയായിട്ടുള്ളത്; നെല്ല് സംഭരണത്തിനായി ഈ സാമ്പത്തിക വർഷം സർക്കാർ സപ്ലൈകോയ്ക്ക് ഇതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ബാക്കി നൽകാനുള്ള തുകയെത്ര; ഇത് എന്നത്തേക്ക് കൊടുക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്?

ഉത്തരം

(എ) സംസ്ഥാനത്ത് നെല്ല് സംഭരണം തടസ്സപ്പെട്ടിട്ടില്ല.

(ബി) 2014-15 ഒന്നാം സീസണിൽ ഇതുവരെ സപ്ലൈകോയ്ക്ക് 1.27 ലക്ഷം മെ. ടൺ നെല്ല് സംഭരിച്ചു.

(സി) ഇല്ല.

(ഡി) 2014-15 ഒന്നാം സീസണിൽ ഇതുവരെ സംഭരിച്ച നെല്ലിന്റെ വിലയായ 243.56 കോടി രൂപയിൽ 190.72 കോടി രൂപ സപ്ലൈകോ കർഷകർക്ക് നൽകി കഴിഞ്ഞു. ഇനി 52.84 കോടി രൂപ കർഷകർക്ക് നൽകേണ്ടതുണ്ട്. 6-11-2014 മുതൽക്കുള്ള സംഭരണ വിലയാണ് കുടിശ്ശികയായുള്ളത്. ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ ഈയിനത്തിൽ 145 കോടി രൂപ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ 150.93 കോടി രൂപ സപ്ലൈകോയ്ക്ക് നൽകാനുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ തുക സപ്ലൈകോയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സബ്സിഡി സാധനങ്ങളുടെ വിലവർദ്ധനവ്

275 (1332) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ സപ്ലൈകോ വാങ്ങുന്ന സാധനങ്ങൾ കൂടിയ വിലയ്ക്കാണ് വിൽക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുത്തക ഉൽപ്പന്നങ്ങൾ കേന്ദ്രീകൃത പർച്ചേസിംഗിലൂടെ വാങ്ങുന്നത് സാധനങ്ങളുടെ വില വർദ്ധിക്കുന്നതിനിടയാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സബ്സിഡി സാധനങ്ങളുടെ വില വർദ്ധനവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly